"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ല- തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീമതി.ആതിര എം ആർ -ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2063/2025/LSGD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.01.2017ലെ ഇ3-03/15 നമ്പർ നടപടിക്രമം
2. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.04.2018ലെ ഇ3-1124/2013 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01.04.2025ലെ 2961/2025/D4/LSGD/JD/TVM നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025ലെ LSGD/PD/11787/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.ആതിര എം ആർ -ന്റെ പ്രൊബേഷൻ കാലയളവ് 05.02.2020 മുതൽ 16.10.2024വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) പ്രകാരം 30.01.2017 പൂർവാഹ്നം ആനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ആതിര എം ആർ -ന്റെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. തുടർച്ചയായ രണ്ട് വർഷത്തെ നിരീക്ഷണകാലയളവിനുള്ളിൽ ടിയാൾ 6 ദിവസത്തെ ശൂന്യവേതനാവധി ഉപയുക്തമാക്കിയിട്ടുള്ളതിനാൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ യോഗ്യസേവനകാലം 04.02.2019 നാണ് പൂർത്തിയാകുന്നത്. ടിയാൾ നിരീക്ഷണ കാലയളവിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ പരാമർശം (3) പ്രകാരം 05.02.2019 മുതൽ ഒരു വർഷത്തേക്ക് ടിയാളുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീമതി. ആതിര എം ആർ- ന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്കനടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും തൊളിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ടിയാൾ 14.10.2024 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതലപരീക്ഷ വിജയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 14.10.2024 ൽ എം ഒ പി പരീക്ഷ പാസ്സായ തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.ആതിര എം ആർ - ന്റെ പ്രൊബേഷൻ 15.10.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 05.02.2020 മുതൽ 16.10.2024വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.ആതിര എം ആർ , ക്ലർക്ക് , തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.155/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 20-08-2025 12:46:48